


ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM (L)ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*




# മികച്ച അന്തരീക്ഷമുണ്ടാകാൻ പുതിയ കെട്ടിടം വേണമെന്നില്ല!

**പുതിയ കെട്ടിടങ്ങൾക്ക് മാത്രമേ ആശുപത്രിയുടെ മികച്ച അന്തരീക്ഷം നൽകാനാവൂ എന്നില്ല. പഴയ കെട്ടിടം നവീകരിച്ചും പുതിയ ക്രമീകരണങ്ങൾ വരുത്താം**

ഒറ്റയടിക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന വലിയ അബദ്ധം ചെയ്യാൻ മിക്ക ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകളെയും പ്രേരിപ്പിക്കുന്ന കാരണങ്ങൾ എന്തൊക്കെയെന്നാണ് കഴിഞ്ഞ ലക്കങ്ങളിൽ വിശദീകരിച്ചിരുന്നത്.

ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകളെ ഈ അബദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്ന കാരണങ്ങൾ നിരവധിയാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

- രോഗികളെ കൊണ്ട് ഹോസ്പിറ്റൽ നിറഞ്ഞിരിക്കുകയാണെന്നും പരിശോധനാ മുറികളുടെയും ഓപറേഷൻ തിയറ്ററുകളുടെയും ഐപി (ഇൻപേഷ്യന്റ്) കിടക്കകളുടെയും കുറവുകൊണ്ട് രോഗികളെ തിരിച്ചയക്കേണ്ടി വരുമെന്നുമുള്ള വിശ്വാസം.
- വലുപ്പത്തിന്റെ കാര്യത്തിൽ നിലവിലുള്ളതും പുതിയതുമായ മറ്റു ഹോസ്പിറ്റലുകളുമായി മത്സരിക്കേണ്ടതിന്റെ ആവശ്യകത.
- നിർമാണ ചെലവ് കുറയ്ക്കാൻ ശ്രമിക്കണമെന്ന് കരുതുന്നത്.
- പുതിയ കെട്ടിടത്തിന് മാത്രമേ മികച്ച അന്തരീക്ഷം പ്രദാനം ചെയ്യാനാകൂ എന്ന വിശ്വാസം.
- ചെറിയ പല കെട്ടിടങ്ങളേക്കാൾ ഒറ്റ കെട്ടിടത്തിൽ ജോലി ചെയ്യുമ്പോഴാണ് ജീവനക്കാരുടെ കാര്യക്ഷമത വർധിക്കുകയെന്ന് കരുതുന്നത്.

പുതിയ കെട്ടിടത്തിന് മാത്രമേ മികച്ച അന്തരീക്ഷം പ്രദാനം ചെയ്യാനാകൂ എന്ന നാലാമത്തെ കാരണത്തെയാണ് ഈ ലക്കത്തിൽ പരിശോധിക്കുന്നത്.

## പ്രീമിയം നിലവാരം

ആശുപത്രിയിലെത്തുന്ന രോഗികൾ പ്രീമിയം നിലവാരത്തിലുള്ള പരിസരം പ്രതീക്ഷിക്കുന്നുണ്ടെന്നും അത് നൽകാൻ പുതിയ ആധുനിക രീതിയിലുള്ള കെട്ടിടത്തിന് മാത്രമേ കഴിയുള്ളൂ എന്നുമുള്ള അബദ്ധ വിശ്വാസം സാധാരണ ചാരിറ്റബ്ൾ ട്രസ്റ്റ് ഹോസ്പിറ്റലുകൾ വച്ചുപുലർത്തുന്നു.

ആശുപത്രിയിൽ എത്തുന്ന ധനികരായ രോഗികളുടെ ഫീഡ്ബാക്കിൽ നിന്നാണ് ഇത്തരമൊരു നിഗമനത്തിൽ ആശുപത്രി അധികൃതർ പ്രധാനമായും എത്തുന്നത്. അവർ സന്ദർശിച്ച മറ്റു പ്രീമിയം ഹോസ്പിറ്റലുകളുമായി ഇവിടത്തെ സാഹചര്യങ്ങളെ അവർ താരതമ്യം ചെയ്യുന്നു.

എന്നാൽ, ചാരിറ്റബ്ൾ ഹോസ്പിറ്റലിൽ എത്തുന്ന ഭൂരിഭാഗം രോഗികളും ഹോസ്പിറ്റലിലെ കുറഞ്ഞ ചികിത്സാ നിരക്ക് നിലനിൽക്കുന്നിടത്തോളം നിലവിലെ അന്തരീക്ഷത്തിൽ തൃപ്തരായിരിക്കും. അതേ സമയം ചികിത്സാ ചെലവ് വർധിപ്പിച്ച് ആശുപത്രിയിൽ ആഡംബര സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ അവർ സംതൃപ്തരായിരിക്കില്ല.

മുൻ ലക്കത്തിലെ ലേഖനത്തിൽ സൂചിപ്പിച്ചതുപോലെ, പ്രീമിയം അന്തരീക്ഷം ലഭ്യമാക്കുന്നതിനായി മാത്രം നിലവിൽ അത്യാവശ്യമില്ലാത്ത പുതിയ ബ്ലോക്ക് നിർമിക്കാൻ തീരുമാനിച്ചാൽ മാനേജ്മെന്റ് ടേം ലോൺ എടുക്കാൻ നിർബന്ധിതരായി തീരുകയും താഴ്ന്ന ശേഷി വിനിയോഗം മൂലം ചികിത്സാ ചെലവ് കൂട്ടേണ്ടി വരികയും ചെയ്യും.

## ചെലവ് കുറച്ച് മികച്ചതാക്കാം

ആശുപത്രി സാഹചര്യങ്ങൾ മെച്ചപ്പെടുണമെന്ന തോന്നൽ ചാരിറ്റബ്ൾ ഹോസ്പിറ്റലുകൾക്ക് ഉണ്ടെങ്കിൽ നിലവിലുള്ള കെട്ടിടം പുതുക്കിപ്പണിയാം. അതുവഴി പുതിയ കെട്ടിടം കൂടാതെ തന്നെ ഹോസ്പിറ്റൽ അന്തരീക്ഷം മികച്ചാക്കി മാറ്റാം.




താഴെ പറയുന്ന രീതിയിൽ നിലവിലുള്ള കെട്ടിടം പുതുക്കിപ്പണിത് വലിയ ചെലവില്ലാതെ തന്നെ ആശുപത്രിയിലെ അന്തരീക്ഷം മികച്ചതാക്കാം.

- ശബ്ദം പ്രതിഫലിപ്പിക്കാത്ത സീലിംഗ്, ചുമർ, ഫ്ളോറിംഗ് എന്നിവ ഒരുക്കാം. ഉപകരണങ്ങളുടെ ശബ്ദം കുറച്ചും സംഗീതം വെച്ചും ശബ്ദ പരിതസ്ഥിതി മാറ്റിയെടുക്കാം.
- പ്രകൃതിദത്തമായ പ്രകാശം കടന്നുചെല്ലുന്ന വിധത്തിൽ ക്രമീകരിച്ചും ജനാലകളിലൂടെ പ്രകൃതി ദൃശ്യം നൽകിയും കലാസൃഷ്ടികൾ പ്രദർശിപ്പിച്ചും ദൃശ്യ പരിതസ്ഥിതി മികച്ചതാക്കാം.
- കോറിഡോറുകൾ, കാത്തിരിപ്പിനുള്ള സ്ഥലങ്ങൾ, വാർഡുകൾ എന്നിവ എയർ കണ്ടീഷനിംഗ് ചെയ്ത് ചൂട് നിയന്ത്രിച്ച് നിർത്താം.
- ശരിയായ സൈനേജ്, ഫ്ളോർ പ്ലാൻ, ഇൻഫർമേഷൻ ഡെസ്ക് എന്നിവയിലൂടെ വഴി കണ്ടെത്തൽ എളുപ്പമാക്കാം.
- സാനിറ്ററി ഫിറ്റിംഗ്സ്, തറ, ചുമർ എന്നിവ മാറ്റി ടോയ്‌ലറ്റുകൾ മെച്ചപ്പെടുത്താം.
- ഇടനാഴികൾ, കാത്തിരിപ്പു സ്ഥലങ്ങൾ എന്നിവയുടെ തറയും ചുമരും മെച്ചപ്പെടുത്താം.
- കാത്തിരിപ്പ് സ്ഥലങ്ങളിൽ നല്ല രീതിയിലുള്ള സീറ്റിംഗ് ക്രമീകരണം നടത്താം.

ചികിത്സാ ചെലവിൽ വർധന വരുത്താതെ തന്നെ ചാരിറ്റബ്ൾ ഹോസ്പിറ്റലുകളിലെ സാഹചര്യം മെച്ചപ്പെടുത്താൻ ഇവയിലൂടെ കഴിയും. ചാരിറ്റബ്ൾ ഹോസ്പിറ്റലുകൾ എടുക്കുന്ന മറ്റു തെറ്റായ തീരുമാനങ്ങൾക്കുള്ള കാരണങ്ങൾ തുടർ ലക്കങ്ങളിൽ പരിശോധിക്കാം. ■


താഴയിൽ പേഴ്സണൽ ലോൺ
ബിസിനസ്സ് ലോൺ
ടൂ വീലർ ലോൺ
ഗോൾഡ് ലോൺ
സർക്കാർ ജീവനക്കാർക്ക് പ്രത്യേക സ്കീം




ഓൺലൈനായി അപേക്ഷിക്കുവാൻ
www.thazhayilfinance.com
96565 45000 ലേക്ക് മിസ്ഡ് കോൾ ചെയ്യൂ
57 Years of Trust
THAZHAYIL FINANCE
Since 1967
CIN:U65993KL1989PTC069557
Fast growing online lending NBFC
**Registered Office:** Thazhayil Building, SA Road, Near GCDA & Metro Station, Kadavanthra, Ernakulam
**Admin. Office:** Thazhayil Building, Elanthoor, Pathanamthitta
Ph: 0484-2310001, 85929 51999 | www.thazhayilgroup.com | Visit us: /thazhayilfinanceonline | /thazhayilfinance